# <u>“പ്രോജക്ട് ഹോപ്” പദ്ധതിയുടെ മൂന്നാംഘട്ടം ഉദ്ഘാടനം ചെയ്തു</u>




എസ്.എസ്.എൽ..സി പരീക്ഷയിൽ പരാജയപ്പെട്ട വിദ്യാർത്ഥികൾക്ക് മികച്ച വിദ്യാഭ്യാസവും, പ്രചോദനവും നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് നടപ്പിലാക്കുന്ന “പ്രോജക്ട് ഹോപ്” പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലയിലെ മൂന്നാംഘട്ടം ഇന്ന് (19.10.2019) രാവിലെ ആലുവയിലുള്ള ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വെച്ച് ജില്ലാ പോലീസ് മേധാവി കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു.

ജില്ലയിൽ ആരംഭിക്കുന്ന പ്രോജക്ട് ഹോപ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ എസ്.എസ്.എൽ.സി, പ്ലസ്സ് II പരീക്ഷകളിൽ പരാജയപ്പെട്ട് ഏകദേശം 45 ഓളം വിദ്യാർത്ഥികളും അവരുടെ രക്ഷാകർത്താക്കളും, ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിന്നുള്ള ജനമൈത്രി ബീറ്റ് ഓഫീസർമാരും പങ്കെടുത്തു. മൂന്നാം ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് അവരുടെ പഠന നിലാവാരം മെച്ചപ്പെടുത്തുന്നതിന് ട്യൂഷൻ ക്ലാസ്സുകൾ,

വ്യക്തിത്വ വികസനത്തിനുള്ള ക്ലാസ്സുകൾ, മറ്റ് പരിശീലന ക്ലാസ്സുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് പരമാവധി അവരവരുടെ വീടിനു സമീപത്ത് തന്നെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്. .വിദ്യാർത്ഥികൾ ഇത്തരം ക്ലാസ്സുകളിൽ പങ്കെടുത്ത് അവരുടെ പഠന നിലാവരം മെച്ചപ്പെടുത്തി ജിവിത വിജയത്തിനും അതുവഴി സാമൂഹികമായ ഉയർച്ചക്കുമായി പ്രവർത്തിക്കണമെന്ന് ജില്ലാ പോലീസ് മേധാവി ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫറൻസ് ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ജില്ലാ പോലീസ് മേധിവിക്കു പുറമേ അഡീഷണൽ എസ്.പി സോജൻ.എം.ജെ, ജില്ലാ നാർക്കോട്ടിക് ഡി.വൈ.എസ്.പി യും പ്രോജക്ട് ഹോപ് പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസറുമായ കെ.ആർ.മധുബാബു എന്നിവരും പങ്കെടുത്തു.